# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2019 നവംബർ 29

## വാർത്താക്കുറിപ്പ്

**(പ്രൈവറ്റ് രജിസ്ട്രേഷൻ വാർത്ത ദയവായി എല്ലാ എഡിഷനിലും നൽകണമെന്ന് താല്പര്യപ്പെടുന്നു)**

## എം.ജി.യിൽ ബിരുദ, ബിരുദാനന്തര പ്രൈവറ്റ് രജിസ്ട്രേഷന് അപേക്ഷിക്കാം

- **ഇന്നുമുതൽ (നവംബർ 30) അപേക്ഷിക്കാം**
- **പിഴയില്ലാതെ ഡിസംബർ 16 വരെ, പിഴയോടെ ഡിസംബർ 31 വരെ**

മഹാത്മാ ഗാന്ധി സർവകലാശാല 2019-20 അധ്യയന വർഷത്തെ ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് പ്രൈവറ്റ് രജിസ്ട്രേഷന് അപേക്ഷ ക്ഷണിച്ചു. ഇന്ന് (നവംബർ 30) മുതൽ അപേക്ഷ നൽകാം. ബിരുദതലത്തിൽ ബി.എ. ഇംഗ്ലീഷ്, സംസ്കൃതം, മലയാളം, ഹിന്ദി, അറബിക്, ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, ഇസ്ലാമിക് ഹിസ്റ്ററി, സോഷ്യോളജി, ഫിലോസഫി, ബി.കോം. കൊമേഴ്സ് എന്നീ യു.ജി. (സി.ബി.സി.എസ്. - എസ്.ഡി.ഇ. 2017 - മോഡൽ 1 സിലബസ്) ഫുൾ കോഴ്സുകളാണുള്ളത്. ബിരുദാനന്തര ബിരുദതലത്തിൽ എം.എ. ഇംഗ്ലീഷ്, ഹിന്ദി, മലയാളം, സംസ്കൃതം, അറബിക്, ഹിസ്റ്ററി, ഇക്കണോമിക്സ്, ഫിലോസഫി, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, ഇസ്ലാമിക് ഹിസ്റ്ററി, എം.എസ്സി. മാത്തമാറ്റിക്സ്, എം.കോം. (സി.എസ്.എസ്. - 2019 - പ്രൈവറ്റ് സിലബസ്) കോഴ്സുകളാണുള്ളത്.

യു.ജി., പി.ജി. ഫുൾ കോഴ്സുകൾക്ക് പിഴ കൂടാതെ ഡിസംബർ 16 വരെയും 1050 രൂപ പിഴയോടെ ഡിസംബർ 17 മുതൽ 23 വരെയും 2100 രൂപ പിഴയോടെ ഡിസംബർ 24 മുതൽ 31 വരെയും ഓൺലൈനായി അപേക്ഷ നൽകാം. അപേക്ഷയിലെ തെറ്റുകൾ തിരുത്തുന്നതിനുള്ള അപേക്ഷ ജനവരി 15ന് മുമ്പായി സർവകലാശാല പ്രൈവറ്റ് രജിസ്ട്രേഷൻ സെക്ഷനിൽ നൽകാം. ഒന്നും രണ്ടും സെമസ്റ്റർ യു.ജി., പി.ജി. ഫുൾ കോഴ്സ് രജിസ്ട്രേഷന് ഓൺലൈനായി അപേക്ഷിക്കണം. ഫീസ് ഓൺലൈൻ രജിസ്ട്രേഷൻ പോർട്ടൽവഴി മാത്രം അടയ്ക്കണം.

യു.ജി. നോൺ ഫുൾ കോഴ്സുകളിൽ രണ്ടുമുതൽ ആറുവരെ സെമസ്റ്ററുകളിലേക്കുള്ള റഗുലർ - പ്രൈവറ്റ് സ്ട്രീം മാറ്റം, ബി.കോം അഡീഷണൽ ഓപ്ഷണൽ/ഇലക്ടീവ്, അഡീഷണൽ സെക്കന്റ് ലാംഗ്വേജ്/കോമൺ കോഴ്സ് 2, അഡീഷണൽ ഡിഗ്രി, ഫാക്കൽറ്റി മാറ്റം, അഡീഷണൽ കോമൺ കോഴ്സ് 1, 2 എന്നീ വിഭാഗങ്ങളിൽ സി.ബി.സി.എസ്.-എസ്.ഡി.ഇ.-2017-മോഡൽ 1 സിലബസിൽ വ്യവസ്ഥകൾക്ക് വിധേയമായി പ്രൈവറ്റ് രജിസ്ട്രേഷൻ അനുവദിക്കും. പി.ജി. നോൺ ഫുൾ കോഴ്സ് വിഭാഗത്തിൽ രണ്ടാം സെമസ്റ്ററിലേക്ക് മാത്രം സി.എസ്.എസ്. 2019 സിലബസിൽ റഗുലർ-പ്രൈവറ്റ് സ്ട്രീം മാറ്റം അനുവദിച്ചിട്ടുണ്ട്.

യു.ജി., പി.ജി. നോൺ ഫുൾ കോഴ്സ് രജിസ്ട്രേഷന് സർവകലാശാല വെബ്സൈറ്റിൽ വിജ്ഞാപനത്തിനൊപ്പമുള്ള അപേക്ഷഫോം ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം. www.epay.mgu.ac.in എന്ന വെബ്സൈറ്റ് വഴി ഫീസടച്ച് ഇ-രസീത് അപേക്ഷയ്ക്കൊപ്പം സമർപ്പിക്കണം. അടച്ച ഫീസ് തിരികെ ലഭിക്കില്ല.

ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധരേഖകളും ഓഫ്‌ലൈൻ കോഴ്‌സുകളുടെ പൂരിപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും 'പ്രൊഫ. ഇൻ ചാർജ് ഓഫ് പ്രൈവറ്റ് രജിസ്‌ട്രേഷൻ, മഹാത്മാ ഗാന്ധി സർവകലാശാല, തപാൽ സെക്ഷൻ, റൂം നമ്പർ 49, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686560' എന്ന വിലാസത്തിൽ രജിസ്‌ട്രേഡ് തപാലിൽ അയയ്ക്കാം.

പ്രൈവറ്റ് രജിസ്‌ട്രേഷൻ വിഭാഗത്തിലെ (റൂം നമ്പർ 8) ബോക്‌സിൽ നേരിട്ട് നിക്ഷേപിക്കാം. വിശദവിവരം സർവകലാശാല വെബ്‌സൈറ്റിൽ (www.mgu.ac.in) ലഭിക്കും. ഫോൺ: 0481-2733455 (ബി.കോം), 2733427 (പി.ജി.), 2733365.

2019-20 അധ്യയനവർഷം പ്രവേശനം നേടുന്ന യു.ജി. പ്രൈവറ്റ് ഫുൾ കോഴ്‌സ് വിദ്യാർഥികളുടെ ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷ ഒരുമിച്ച് യു.ജി. റഗുലർ കോളേജ് വിദ്യാർഥികളുടെ (2019 അഡ്മിഷൻ) രണ്ടാം സെമസ്റ്ററിനൊപ്പവും മൂന്നുമുതൽ ആറുവരെ സെമസ്റ്റർ പ്രൈവറ്റ് പരീക്ഷകൾ റഗുലറിനൊപ്പം സെമസ്റ്ററടിസ്ഥാനത്തിലും നടത്തും. യു.ജി. നോൺ ഫുൾ കോഴ്‌സുകൾക്ക് രണ്ട് സെമസ്റ്റർ ഒരുമിച്ച് വാർഷികാടിസ്ഥാനത്തിൽ പരീക്ഷ നടത്തും.

ഈ അധ്യയന വർഷം പ്രവേശനം നേടുന്ന പി.ജി. (ഫുൾ, നോൺ ഫുൾ കോഴ്‌സ്) വിദ്യാർഥികളുടെ ഒന്ന്, രണ്ട് സെമസ്റ്റർ പരീക്ഷ റഗുലർ കോളേജ് വിദ്യാർഥികളുടെ (2019 അഡ്മിഷൻ) രണ്ടാം സെമസ്റ്റർ പരീക്ഷയ്‌ക്കൊപ്പവും മൂന്ന്, നാല് സെമസ്റ്റർ പ്രൈവറ്റ് പരീക്ഷ റഗുലറിനൊപ്പം സെമസ്റ്റർ രീതിയിലും നടത്തും.

(പി.ആർ.ഒ/39/2091/2019)

## എം.ജി.യിൽ സന്ദർശനസമയം

## ഉച്ചകഴിഞ്ഞ് രണ്ട് മുതൽ നാലുവരെ

മഹാത്മാ ഗാന്ധി സർവകലാശാലയിൽ വിവിധ ആവശ്യങ്ങൾക്ക് എത്തുന്നവർക്ക് വിവിധ വകുപ്പുകളിലേക്കും ബ്രാഞ്ച് ഓഫീസർമാർ, പ്രോ വൈസ് ചാൻസലർ, വൈസ് ചാൻസലർ എന്നിവരുടെ കാര്യാലയങ്ങളിലേക്കുമുള്ള പ്രവേശനം ഉച്ചകഴിഞ്ഞ് രണ്ട് മുതൽ നാലുവരെയാക്കി സന്ദർശനസമയം നിജപ്പെടുത്തി.

(പി.ആർ.ഒ/39/2092/2019)

## പരീക്ഷ ക്യാമ്പ് നടത്തിപ്പ്; ഇന്റർ സെമസ്റ്റർ വെക്കേഷൻ

## ഡിസംബർ രണ്ട് മുതൽ 13 വരെ

പരീക്ഷ ക്യാമ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട് ഡിസംബർ രണ്ട് മുതൽ 13 വരെ അധ്യാപകർക്ക് ഇന്റർ സെമസ്റ്റർ വെക്കേഷൻ അനുവദിച്ച് ഉത്തരവായി. ഡിസംബർ രണ്ടിന് രാവിലെ എല്ലാ അധ്യാപകരും പ്രിൻസിപ്പൽമാരിൽ നിന്നുള്ള വിടുതൽ ഉത്തരവുമായി മൂല്യനിർണയ ക്യാമ്പിൽ റിപ്പോർട്ട് ചെയ്യണം. സമയബന്ധിതമായി പരീക്ഷഫലം പ്രസിദ്ധീകരിക്കുന്നതിനായി ഓരോ സെമസ്റ്ററിലും അവസാനം അഫിലിയേറ്റഡ് കോളേജുകൾക്ക് 10 ദിവസത്തെ സെമസ്റ്റർ ബ്രേക്ക് അനുവദിച്ച് ഉത്തരവായിരുന്നു.

(പി.ആർ.ഒ/39/2093/2019)

## പരീക്ഷ തീയതി

രണ്ടാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം), ആറാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം)( കോമൺ) എന്നിവയുടെ 'റ്റോർറ്റ്‌സ് ആന്റ് കൺസ്യൂമർ പ്രൊട്ടക്ഷൻ ലോ 2' വിഷയത്തിന്റെ പരീക്ഷ ഡിസംബർ 16ന് നടക്കും. പരീക്ഷ സമയത്തിനും കേന്ദ്രത്തിനും മാറ്റമില്ല.

(പി.ആർ.ഒ/39/2094/2019)

## പരീക്ഷഫലം

2019 ജൂണിൽ നടന്ന നാലാം സെമസ്റ്റർ എം.പി.എഡ്. റഗുലർ (2017 അഡ്മിഷൻ)/ സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2095/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ്‌സി. ഫിസിക്‌സ് (മെറ്റീരിയൽ സയൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 13 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2096/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 നവംബർ 29

# വാർത്താക്കുറിപ്പ്

---

(പ്രൈവറ്റ് രജിസ്ട്രേഷൻ വാർത്ത ദയവായി എല്ലാ എഡിഷനിലും നൽകണമെന്ന് താല്പര്യപ്പെടുന്നു)

## എം.ജി.യിൽ ബിരുദ, ബിരുദാനന്തര പ്രൈവറ്റ് രജിസ്ട്രേഷന് അപേക്ഷിക്കാം

- ഇന്നുമുതൽ (നവംബർ 30) അപേക്ഷിക്കാം
- പിഴയില്ലാതെ ഡിസംബർ 16 വരെ, പിഴയോടെ ഡിസംബർ 31 വരെ

മഹാത്മാ ഗാന്ധി സർവകലാശാല 2019-20 അധ്യയന വർഷത്തെ ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് പ്രൈവറ്റ് രജിസ്ട്രേഷന് അപേക്ഷ ക്ഷണിച്ചു. ഇന്ന് (നവംബർ 30) മുതൽ അപേക്ഷ നൽകാം. ബിരുദതലത്തിൽ ബി.എ. ഇംഗ്ലീഷ്, സംസ്കൃതം, മലയാളം, ഹിന്ദി, അറബിക്, ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, ഇസ്ലാമിക് ഹിസ്റ്ററി, സോഷ്യോളജി, ഫിലോസഫി, ബി.കോം. കൊമേഴ്സ് എന്നീ യു.ജി. (സി.ബി.സി.എസ്. - എസ്.ഡി.ഇ. 2017 - മോഡൽ 1 സിലബസ്) ഫുൾ കോഴ്സുകളാണുള്ളത്. ബിരുദാനന്തര ബിരുദതലത്തിൽ എം.എ. ഇംഗ്ലീഷ്, ഹിന്ദി, മലയാളം, സംസ്കൃതം, അറബിക്, ഹിസ്റ്ററി, ഇക്കണോമിക്സ്, ഫിലോസഫി, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, ഇസ്ലാമിക് ഹിസ്റ്ററി, എം.എസ്സി. മാത്തമാറ്റിക്സ്, എം.കോം. (സി.എസ്.എസ്. - 2019 - പ്രൈവറ്റ് സിലബസ്) കോഴ്സുകളാണുള്ളത്.

യു.ജി., പി.ജി. ഫുൾ കോഴ്സുകൾക്ക് പിഴ കൂടാതെ ഡിസംബർ 16 വരെയും 1050 രൂപ പിഴയോടെ ഡിസംബർ 17 മുതൽ 23 വരെയും 2100 രൂപ പിഴയോടെ ഡിസംബർ 24 മുതൽ 31 വരെയും ഓൺലൈനായി അപേക്ഷ നൽകാം. അപേക്ഷയിലെ തെറ്റുകൾ തിരുത്തുന്നതിനുള്ള അപേക്ഷ ജനുവരി 15ന് മുമ്പായി സർവകലാശാല പ്രൈവറ്റ് രജിസ്ട്രേഷൻ സെക്ഷനിൽ നൽകാം. ഒന്നും രണ്ടും സെമസ്റ്റർ യു.ജി., പി.ജി. ഫുൾ കോഴ്സ് രജിസ്ട്രേഷന് ഓൺലൈനായി അപേക്ഷിക്കണം. ഫീസ് ഓൺലൈൻ രജിസ്ട്രേഷൻ പോർട്ടൽവഴി മാത്രം അടയ്ക്കണം.

യു.ജി. നോൺ ഫുൾ കോഴ്സുകളിൽ രണ്ടുമുതൽ ആറുവരെ സെമസ്റ്ററുകളിലേക്കുള്ള റഗുലർ - പ്രൈവറ്റ് സ്ട്രീം മാറ്റം, ബി.കോം അഡീഷണൽ ഓപ്ഷണൽ/ഇലക്ടീവ്, അഡീഷണൽ സെക്കന്റ് ലാംഗ്വേജ്/കോമൺ കോഴ്സ് 2, അഡീഷണൽ ഡിഗ്രി, ഫാക്കൽറ്റി മാറ്റം, അഡീഷണൽ കോമൺ കോഴ്സ് 1, 2 എന്നീ വിഭാഗങ്ങളിൽ സി.ബി.സി.എസ്.-എസ്.ഡി.ഇ.-2017-മോഡൽ 1 സിലബസിൽ വ്യവസ്ഥകൾക്ക് വിധേയമായി പ്രൈവറ്റ് രജിസ്ട്രേഷൻ അനുവദിക്കും. പി.ജി. നോൺ ഫുൾ കോഴ്സ് വിഭാഗത്തിൽ രണ്ടാം സെമസ്റ്ററിലേക്ക് മാത്രം സി.എസ്.എസ്. 2019 സിലബസിൽ റഗുലർ-പ്രൈവറ്റ് സ്ട്രീം മാറ്റം അനുവദിച്ചിട്ടുണ്ട്.

യു.ജി., പി.ജി. നോൺ ഫുൾ കോഴ്സ് രജിസ്ട്രേഷന് സർവകലാശാല വെബ്സൈറ്റിൽ വിജ്ഞാപനത്തിനൊപ്പമുള്ള അപേക്ഷഫോം ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം. www.epay.mgu.ac.in എന്ന വെബ്സൈറ്റ് വഴി ഫീസടച്ച് ഇ-രസീത് അപേക്ഷയ്ക്കൊപ്പം സമർപ്പിക്കണം. അടച്ച ഫീസ് തിരികെ ലഭിക്കില്ല.

ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധരേഖകളും ഓഫ്‌ലൈൻ കോഴ്‌സുകളുടെ പൂരിപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും 'പ്രൊഫ. ഇൻ ചാർജ് ഓഫ് പ്രൈവറ്റ് രജിസ്‌ട്രേഷൻ, മഹാത്മാ ഗാന്ധി സർവകലാശാല, തപാൽ സെക്ഷൻ, റൂം നമ്പർ 49, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686560' എന്ന വിലാസത്തിൽ രജിസ്‌ട്രേഡ് തപാലിൽ അയയ്ക്കാം.

പ്രൈവറ്റ് രജിസ്‌ട്രേഷൻ വിഭാഗത്തിലെ (റൂം നമ്പർ 8) ബോക്‌സിൽ നേരിട്ട് നിക്ഷേപിക്കാം. വിശദവിവരം സർവകലാശാല വെബ്‌സൈറ്റിൽ (www.mgu.ac.in) ലഭിക്കും. ഫോൺ: 0481-2733455 (ബി.കോം), 2733427 (പി.ജി.), 2733365.

2019-20 അധ്യയനവർഷം പ്രവേശനം നേടുന്ന യു.ജി. പ്രൈവറ്റ് ഫുൾ കോഴ്‌സ് വിദ്യാർഥികളുടെ ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷ ഒരുമിച്ച് യു.ജി. റഗുലർ കോളേജ് വിദ്യാർഥികളുടെ (2019 അഡ്മിഷൻ) രണ്ടാം സെമസ്റ്ററിനൊപ്പവും മൂന്നുമുതൽ ആറുവരെ സെമസ്റ്റർ പ്രൈവറ്റ് പരീക്ഷകൾ റഗുലറിനൊപ്പം സെമസ്റ്ററടിസ്ഥാനത്തിലും നടത്തും. യു.ജി. നോൺ ഫുൾ കോഴ്‌സുകൾക്ക് രണ്ട് സെമസ്റ്റർ ഒരുമിച്ച് വാർഷികാടിസ്ഥാനത്തിൽ പരീക്ഷ നടത്തും.

ഈ അധ്യയന വർഷം പ്രവേശനം നേടുന്ന പി.ജി. (ഫുൾ, നോൺ ഫുൾ കോഴ്‌സ്) വിദ്യാർഥികളുടെ ഒന്ന്, രണ്ട് സെമസ്റ്റർ പരീക്ഷ റഗുലർ കോളേജ് വിദ്യാർഥികളുടെ (2019 അഡ്മിഷൻ) രണ്ടാം സെമസ്റ്റർ പരീക്ഷയ്‌ക്കൊപ്പവും മൂന്ന്, നാല് സെമസ്റ്റർ പ്രൈവറ്റ് പരീക്ഷ റഗുലറിനൊപ്പം സെമസ്റ്റർ രീതിയിലും നടത്തും.

(പി.ആർ.ഒ/39/2091/2019)

## എം.ജി.യിൽ സന്ദർശനസമയം ഉച്ചകഴിഞ്ഞ് രണ്ട് മുതൽ നാലുവരെ

മഹാത്മാ ഗാന്ധി സർവകലാശാലയിൽ വിവിധ ആവശ്യങ്ങൾക്ക് എത്തുന്നവർക്ക് വിവിധ വകുപ്പുകളിലേക്കും ബ്രാഞ്ച് ഓഫീസർമാർ, പ്രോ വൈസ് ചാൻസലർ, വൈസ് ചാൻസലർ എന്നിവരുടെ കാര്യാലയങ്ങളിലേക്കുമുള്ള പ്രവേശനം ഉച്ചകഴിഞ്ഞ് രണ്ട് മുതൽ നാലുവരെയാക്കി സന്ദർശനസമയം നിജപ്പെടുത്തി.

(പി.ആർ.ഒ/39/2092/2019)

## പരീക്ഷ ക്യാമ്പ് നടത്തിപ്പ്; ഇന്റർ സെമസ്റ്റർ വെക്കേഷൻ ഡിസംബർ രണ്ട് മുതൽ 13 വരെ

പരീക്ഷ ക്യാമ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട് ഡിസംബർ രണ്ട് മുതൽ 13 വരെ അധ്യാപകർക്ക് ഇന്റർ സെമസ്റ്റർ വെക്കേഷൻ അനുവദിച്ച് ഉത്തരവായി. ഡിസംബർ രണ്ടിന് രാവിലെ എല്ലാ അധ്യാപകരും പ്രിൻസിപ്പൽമാരിൽ നിന്നുള്ള വിടുതൽ ഉത്തരവുമായി മൂല്യനിർണയ ക്യാമ്പിൽ റിപ്പോർട്ട് ചെയ്യണം. സമയബന്ധിതമായി പരീക്ഷഫലം പ്രസിദ്ധീകരിക്കുന്നതിനായി ഓരോ സെമസ്റ്ററിലും അവസാനം അഫിലിയേറ്റഡ് കോളേജുകൾക്ക് 10 ദിവസത്തെ സെമസ്റ്റർ ബ്രേക്ക് അനുവദിച്ച് ഉത്തരവായിരുന്നു.

(പി.ആർ.ഒ/39/2093/2019)

## പരീക്ഷ തീയതി

രണ്ടാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം), ആറാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം)( കോമൺ) എന്നിവയുടെ 'റ്റോർറ്റ്സ് ആന്റ് കൺസ്യൂമർ പ്രൊട്ടക്ഷൻ ലോ 2' വിഷയത്തിന്റെ പരീക്ഷ ഡിസംബർ 16ന് നടക്കും. പരീക്ഷ സമയത്തിനും കേന്ദ്രത്തിനും മാറ്റമില്ല.

(പി.ആർ.ഒ/39/2094/2019)

## പരീക്ഷഫലം

2019 ജൂണിൽ നടന്ന നാലാം സെമസ്റ്റർ എം.പി.എഡ്. റഗുലർ (2017 അഡ്മിഷൻ)/ സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 12 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2095/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ്‌സി. ഫിസിക്‌സ് (മെറ്റീരിയൽ സയൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 13 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2096/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ